പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1043

03.12.2014-ലെ മറുപടിയ്ക്ക്

## മാവേലിക്കര മണ്ഡലത്തിലെ ടൂറിസം വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാജേഷ് | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരണ പദ്ധതിയ്ക്ക് 1.5 കോടിയുടെ വിശദമായ എസ്റ്റിമേറ്റടക്കമുള്ള എം.എൽ.എ യുടെ നിർദേശം ലഭ്യമായിട്ടുണ്ടോ;<br>(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് കെ.ടി.ഡി.സി വകുപ്പ് തലത്തിൽ ആവശ്യമായ നിർദേശം ലഭ്യമായിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(സി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്തുമോ; | **(എ) യും (ബി) യും (സി) യും**<br>ഉണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ടൂറിസം സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവർത്തി കളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>(ഇ) 2014-15 വർഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **(ഡി) യും (ഇ)യും**<br>ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജകമണ്ഡലത്തിൽപെട്ട വയ്യാങ്കര ച്ചിറയിൽ ടൂറിസം വികസനത്തിനായി ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പ്രൊജക്ടിൽ ഉൾപ്പെടുത്തി ₹2,59,52,000/- (രണ്ടു കോടി അമ്പത്തിയൊമ്പത് ലക്ഷത്തി അൻപത്തി രണ്ടായിരം രൂപാ) അനുവദിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ